**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 25.10.2023

# വിജിലൻസ് ബോധവൽക്കരണ വാരാഘോഷം-2025.

ഈ വർഷത്തെ വിജിലൻസ് ബോധവൽക്കരണ വാരം ഒക്ടോബർ 27 മുതൽ നവംബർ 2 വരെ സംസ്ഥാനത്ത് വിവിധ പരിപാടികളോടെ നടത്താൻ തീരുമാനിച്ചിരിക്കുന്നു. "വിജിലൻസ്: നമ്മുടെ കൂട്ടുത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ വിജിലൻസ് ബോധവൽക്കരണ വാരാഘോഷത്തിന്റെ മുദ്രാവാക്യം.

പൊതുജനങ്ങളിൽ അഴിമതിക്കെതിരെ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ വിജിലൻസ് ബോധവൽക്കരണ വാരാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 27.10.2025 തീയതി തിങ്കളാഴ്ച്ച രാവിലെ 07:00 മണിക്ക് കവടിയാർ മുതൽ കനകക്കുന്ന് വരെ നടക്കുന്ന "വിജിലൻസ് അവയർനെസ് വാക്കത്തൺ" ബഹു. കേരള ലോകായുക്ത ജസ്റ്റിസ് ശ്രീ. എൻ.അനിൽകുമാർ ഫ്ലാഗ് ഓഫ് ചെയ്യും. വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് നയിക്കുന്ന റാലിയിൽ വിദ്യാർത്ഥികൾ, കേരള പോലീസ് അശ്വാരൂഢ സേന, പോലീസ് ബാൻഡ്, റോളർ സ്കേറ്റിംഗ് ടീമുകൾ, വിജിലൻസ് ഉദ്യോഗസ്ഥർ, മറ്റ് സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. ഹാർഡ്‌ലി ഡേവിഡ്സൺ ട്രാവൻകൂർ ചാപ്റ്റർ, റോയൽ എൻഫീൽഡ് റെട്രോ റൈഡേഴ്സ്, വനിതാ ബൈക്ക് ക്ലബ്ബുകൾ എന്നിവരും റാലിയിൽ അണിചേരും.

വിജിലൻസ് ബോധവൽക്കരണ വാരാഘോഷത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സർക്കാർ ഉദ്യോഗസ്ഥർ, കോളേജ് വിദ്യാർത്ഥികൾ, എസ്.പി.സി കേഡറ്റുകൾ, പൊതു ജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് കൂട്ടയോട്ടവും, റാലികളും സംഘടിപ്പിക്കുന്നുണ്ട്.

വിജിലൻസ് ബോധവൽക്കരണ വാരാഘോഷവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം സ്കൂളുകൾ, കോളേജുകൾ, സർക്കാർ ഓഫീസുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകളും, സെമിനാറുകളും, നാടകങ്ങളും, ഉപന്യാസ മത്സരങ്ങളും, ക്വിസ്

മത്സരങ്ങളും, വീഡിയോ/ഷോർട്ട് ഫിലിം പ്രദർശനങ്ങളും, ഫ്ലാഷ് മോബുകളും വിജിലൻസ് സംഘടിപ്പിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ റാലി പ്രശസ്ത സിനിമാ താരം ടിനി ടോം ഉദ്ഘാടനം ചെയ്യും.

വിജിലൻസ് ബോധവൽക്കരണ വാരം 2025-ന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർക്കായി ഒരു ട്രെയിനിംഗ് പ്രോഗ്രാം വിജിലൻസ് ഡയറക്ടറേറ്റിൽ സംഘടിപ്പിച്ചിട്ടുണ്ട്. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ട്രെയിനിംഗിൽ പങ്കെടുക്കുന്ന ഇന്റേണൽ വിജിലൻസ് ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്ത് സംസാരിക്കും. ഇതോടൊപ്പം ഈ വർഷത്തെ "ബാഡ്ജ് ഓഫ് ഓണർ" ലഭിച്ച വിജിലൻസ് ഉദ്യോഗസ്ഥർക്കുള്ള ബാഡ്ജ് ഓഫ് ഓണർ വിതരണവും ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കും. വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് ഇന്റേണൽ വിജിലൻസ് ഉദ്യോഗസ്ഥർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം നൽകും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻറെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.